ഫലപ്രാപ്തിയിൽ എത്തിയിരിക്കുന്നു. അങ്ങിനെ നമ്മുടെ സംസ്ഥാനം തികച്ചും ഒരു ഹരിതവിപ്ലവത്തിലൂടെ കടന്നുകൊണ്ടിരിക്കുകയാണ്.

തേയിലത്തോട്ടം, റബ്ബർത്തോട്ടം മുതലായവയുടെ വികസനത്തിനായി വിവിധ തരത്തിലുള്ള സാമ്പത്തികപദ്ധതികളും പ്രാബല്യത്തിലുണ്ട്. തോട്ടങ്ങളുടെ പുനരുദ്ധാരണപദ്ധതികളും സ്വദേശത്തോട്ടം ഉടമകളും വേണ്ടുംവിധം പ്രയോജനപ്പെടുത്തുമ്പോൾ വിദേശക്കമ്പനികളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. ഉദാഹരണമായി തേയിലത്തോട്ടവ്യവസായരംഗത്ത് കുത്തകസ്ഥാപിച്ചിട്ടുള്ള ഒൻപതു വിദേശകമ്പനികളും റീപ്ലാന്റിംഗിൽ ഖേദകരമായ അനാസ്ഥയാണ് കാണിക്കുന്നത്. നിലവിലുള്ള വിഭവങ്ങളെ ചൂഷണം ചെയ്യുകമാത്രമാണു വിദേശകമ്പനികളുടെ ഉദ്ദേശം. അവരുടെ ദീർഘദൃഷ്ടി ഇല്ലായ്മമൂലം തേയില തുടങ്ങിയ നാണ്യവിളകളുടെ ഉൽപ്പാദനേത്തകർച്ചയെ ഈ സംസ്ഥാനം പൊടുന്നനെ നേരിടേണ്ടി വന്നേക്കും. നമ്മുടെ സംസ്ഥാനത്തിന്റെയും ഈ രാജ്യത്തിന്റെ ഒട്ടാകെയുമുള്ള സമ്പദ്വ്യവസ്ഥയുടെ വിശാലമായ താൽപ്പര്യങ്ങളെക്കരുതി വിദേശ ഉടമയിലുള്ള തോട്ടങ്ങളുടെ ഭാവിയെ സംബന്ധിച്ചു യുക്തമായ ചില നടപടികളും എടുക്കേണ്ടിയിരിക്കുന്നു. ഇൻഡ്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ എക്കണോമിക്സ് പ്രൊഫസർ ഡോക്ടർ പി. കെ. ബർധാൻ ചെയർമാനായും, അസോഷിയേറ്റ് പ്രൊഫസർ ഡോക്ടർ എസ്സ്. ടെൻഡുൽക്കർ മെമ്പറായും ഒരു കമ്മിഷനെ, തോട്ടങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് അടുത്തക്കാലത്തു ഗവൺമെൻറ് നിയമിച്ചിട്ടുണ്ട്. റബ്ബർ ബോർഡിന്റെ മുൻഗവേഷണ ഡയറക്ടറായ ഡോക്ടർ കെ. ടി. ജേക്കബ് കമ്മീഷനു വേണ്ട സാങ്കേതികസഹായം നൽകുന്നതാണ്. കമ്മിഷന്റെ അന്വേഷണ കാര്യങ്ങൾ താഴെപ്പറയുന്നവയാണ്:

(1) കേരളത്തിലെ വിദേശ ഉടമയിലുള്ള തോട്ടങ്ങളുടെ ഇന്നത്തെ അവസ്ഥയും, സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്കു അവ നൽകുന്ന സംഭാവനയും എന്താണെന്നു പരിശോധിക്കുക;

(2) പ്രസ്തുത തോട്ടങ്ങളിൽ 1961—നു ശേഷമുണ്ടായിട്ടുള്ള വികസന പ്രവർത്തനങ്ങളും അടുത്ത പത്തുകൊല്ലത്തേക്കുള്ള പരിപാടികളും വിലയിരുത്തുക;

(3) കേരള സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്കും രാജ്യത്തിന്റെ കയറ്റുമതിക്കും മികച്ച സംഭാവന നൽകത്തക്കവിധം ഈ തോട്ടങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളും നൽകുക.

കൂടാതെ കമ്മിഷൻ, വിദേശ ഉടമയിലുള്ള തോട്ടങ്ങളും ദേശസാൽക്കരിക്കുന്നകാര്യം പരിശോധിക്കുന്നതും ആവശ്യമെങ്കിൽ നൽകേണ്ടിവരുന്ന പ്രതിഫലത്തിന്റെ അടിസ്ഥാനതത്വവും തോതും നിർദ്ദേശിക്കുന്നതും ആകുന്നു.

## ഭൂപരിഷ്ക്കരണം

1970—ാം വർഷത്തിന്റെ പൊൻപുലരി വന്നണഞ്ഞതു രക്തരഹിതവും എന്നാൽ പുരോഗമനപരവും മൗലികവുമായ ഒരു വിപ്ലവത്തിന്റെ നാന്ദി കുറിച്ചുകൊണ്ടാണ്. ഭൂപരിഷ്ക്കരണ നിയമത്തിന്റെ 72—ാം വകുപ്പനുസരിച്ചുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതോടുകൂടി നവവത്സരദിനം ഈ സംസ്ഥാനത്തിലെ ജൻമിത്തത്തിന്റെ ഔപചാരികമായ അന്ത്യം രേഖപ്പെടുത്തി. ജൻമിത്തം അതിന്റെ ബഹുമുഖരൂപങ്ങളിലും അവസ്ഥാവിശേഷങ്ങളിലും നിരുത്തലാക്കപ്പെടുകയും സ്റ്റേറ്റും കർഷകനും തമ്മിൽ നേരിട്ടുള്ള ബന്ധം സ്ഥാപിതമാവുകയും ചെയ്തു. ഇതു നിയമവശം

LIBRARY ARCHIVES Kerala Legislative Assembly

മാത്രം. ഈ നൂതന വ്യവസ്ഥാപനത്തിനായിരക്കണക്കു കർഷകരെ സംബന്ധിച്ചിടത്തോളം ഒരു യാഥാർത്ഥ്യമാക്കിത്തീർക്കുന്നതിന് വളരെയധികം ഭരണപരമായ പ്രക്രിയകളും അനുഷ്ഠിക്കേണ്ടിയിരിക്കുന്നു. ഈ പ്രക്രിയകളും കാലവിളംബമെന്യേ ശീഘ്രഗതിയിലും ആയാസരഹിതമായും യാതൊരു വിട്ടുവീഴ്ചയും കൂടാതെ വന്നാൽ നിയമാനുസൃതമായും നടപ്പിലാക്കാൻ ഈ ഗവൺമെൻറ് പ്രതിജ്ഞാബദ്ധമാണെന്ന് ഈ സഭയ്ക്കും ഈ സഭാവഴി കേരളത്തിലെ ജനങ്ങൾക്കും ഞാൻ ഉറപ്പു നൽകികൊള്ളട്ടെ.

ഇതൊരു ഉത്തേജനം നൽകുന്ന മഹായജ്ഞമാണ്. സംസ്ഥാനത്തിനും കർഷകജനതയ്ക്കും വമ്പിച്ച പ്രതീക്ഷകളും വാഗ്ദാനം ചെയ്യുന്ന ഒരു മഹത്തായ സാമൂഹ്യ പരിഷ്കരണ പരിപാടിയാണ്. നമ്മുടെ ഗ്രാമങ്ങളിലെ സാമൂഹ്യഘടന ഗ്രാമീണരുടെ സാമൂഹ്യവീക്ഷണം കാർഷിക സമ്പദ്വ്യവസ്ഥ എന്നിവകളിൽ ദൂരവ്യാപകമായ മാറ്റങ്ങൾ ഉളവാക്കുന്നതിനു പര്യാപ്തമായ ഒരു സംഭവമാണിത്. ഈ പരിഷ്കരണം ആളുകളുടെ പക്കലുള്ള സമ്പാദ്യത്തെ പ്രയോജനരഹിതമായി ഭൂസ്വത്തുക്കളിൽ തങ്ങിക്കിടക്കാതെ ഉൽപ്പാദനക്ഷമമായ നിക്ഷേപങ്ങളിലേക്കു തിരിച്ചു വിടുമെന്നും അങ്ങനെ ഇപ്പോഴത്തെ വ്യവസ്ഥിതിയിൽ നിന്നും വ്യത്യാനങ്ങളുടെ ഒരു ശൃംഖലതന്നെ സൃഷ്ടിക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു. ഭൂടമകൾക്കു നഷ്ടപരിഹാരമായി കിട്ടുന്ന തുകയുടെ നല്ല ഭാഗവും വ്യാവസായികവും മറ്റ് ഉൽപ്പാദനപരവുമായ പ്രവർത്തനങ്ങൾക്കുവേണ്ടി നിക്ഷേപിക്കപ്പെടുമെന്നും നമുക്കു പ്രതീക്ഷിക്കാം.

ഭൂപരിഷ്കരണ ഭേദഗതി ബില്ലിനു പ്രസിഡൻറിൻെറ അംഗീകാരം ലഭിക്കുന്നതിനുമുമ്പുതന്നെ അതിനാവശ്യമായ ഭരണയന്ത്രം ചലിച്ചുതുടങ്ങിയിരുന്നു. ഭൂപരിഷ്കരണനിയമം നടപ്പിലാക്കുന്നതിനും അതിനോടു ബന്ധപ്പെട്ടകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുമായി സെക്രട്ടേറിയറ്റിൽ ഒരു ഗവൺമെൻറ് സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക ഭൂപരിഷ്കരണ വകുപ്പുതന്നെ രൂപീകരിച്ചു. നിയമം നടപ്പിലാക്കുന്നതിനാവശ്യമുള്ള ഫീൽഡു സ്റ്റാഫിനേയും ഗവൺമെൻറ് നിയമിച്ചിട്ടുണ്ട്. 145 ലാൻഡ് ട്രിബ്യൂണലുകൾ ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരികയാണ്. ഇതിൽ നാൽപ്പതെണ്ണം ഭൂപരിഷ്കരണനിയമം സംബന്ധിച്ചുള്ള കാര്യങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതാണ്. മറ്റുള്ള ട്രിബ്യൂണലുകൾ, അവരുടെ സാധാരണ ജോലികൾക്കു പുറമേയാണ് ഈ ജോലികൂടി ചെയ്യുന്നത്,. ഭൂപരിഷ്കരണനിയമം നടപ്പിലാക്കുന്നതിനുവേണ്ടി ബഡ്ജറിൽ എൺപത്താറ് ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ആവശ്യാനുസരണം ഇനിയും കൂടുതൽ ലാൻഡ് ട്രിബ്യൂണലുകളെയും, ഫീൽഡ് സ്റ്റാഫിനേയും നിയമിക്കുവാൻ ഗവൺമെൻറ് മടിക്കുകയില്ല. ഭൂപരിഷ്കരണനിയമത്തിലെ ഭൂപരിധി (സീലിംഗ്) സംബന്ധിച്ച വകുപ്പുകളും നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ട്. നിർദ്ദിഷ്ട ഭൂപരിധിയിൽക്കവിഞ്ഞ ഭൂമി കൈവശം വച്ചിട്ടുള്ള ഭൂടമകൾക്ക് ഇതു സംബന്ധിച്ചുള്ള സ്റ്റേറ്റുമെൻറ് സമർപ്പിക്കാനുള്ള സമയം 1970 മാർച്ച് 31 വരെ അനുവദിക്കപ്പെട്ടിട്ടുള്ളതുകൊണ്ട്, ഭൂപരിധിസംബന്ധിച്ചുള്ള വകുപ്പു നടപ്പാക്കാൻ ഈ സാമ്പത്തിക വർഷാവസാനത്തിനു ശേഷമേ ആരംഭിക്കുകയുള്ളൂ.

ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭൂപരിഷ്കരണ പരിപാടികളുടെ ഒരു പ്രധാന ഭാഗം വസ്തു വാങ്ങുന്നതിന് കുടികിടപ്പുകാരിൽ നിക്ഷിപ്തമായിട്ടുള്ള അവകാശങ്ങൾ പ്രായോഗികമായി അനുഭവപ്പെടുത്തുക എന്നുള്ളതാണ്. ഭൂരിപക്ഷം കർത്തഷകത്തൊഴിലാളികളും മറ്റ് കൈത്തൊഴിൽ വേലക്കാരുമായ ഈ കുടികിടപ്പുകാർ നമ്മുടെ കാർഷിക സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലാണ്. ഭൂപരിഷ്കരണ നിയമത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങളും കുടികിടപ്പുകാരന് നേടിക്കൊടുക്കാനെന്നുള്ള വ്യാജേന സ്വകാര്യസ്വത്തുക്കളും കയ്യേറുന്ന അനീതിപരമായ പ്രവർത്തനം ആരു നടത്തിയാലും ഒരിക്കലും ഗവൺമെൻറ് അനുവദിക്കുകയില്ല. അതോടൊപ്പംതന്നെ, കുടികിടപ്പുകാരന് ആക്ടിൽ വ്യവസ്ഥചെയ്യുന്ന എല്ലാ ആനുകൂല്യങ്ങളുടേയും പരമാവധി പ്രയോജനം അയാൾക്കു കിട്ടിയിരിക്കണമെന്നു ഗവൺമെൻറിന് നിർബന്ധവുമുണ്ട്.

കുടികിടപ്പുകാരനും ഭൂഉടമയും തമ്മിലുള്ള പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ കുടികിടപ്പുകാരനു കിട്ടേണ്ട ഭൂമി ലഭിക്കാനുതകുന്ന പരിപാടികൾക്ക് ഗവൺമെൻറ് ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കുന്നുണ്ട്. ഈ ആശയത്തിന് പരക്കെ പ്രചാരവും അംഗീകാരവും കിട്ടുന്നു എന്നു കാണുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഏപ്രിൽ അവസാനത്തോടുകൂടി എറണാകുളം, ആലപ്പുഴ, കൊല്ലം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലായി ആയിരക്കണക്കിന് കുടികിടപ്പുകാർ അവരുടെ കൈവശത്തിലുള്ള ഭൂമിയുടെ ഉടമകളായി മാറും എന്നാണ് എന്റെ വിശ്വാസം. റവന്യൂവകുപ്പിലേയും വികസനവകുപ്പിലേയും ഉദ്യോഗസ്ഥൻമാരെ ഇതിലേക്ക് നിയമിച്ചിരിക്കുകയാണ്. ഇവർ ഇക്കാര്യത്തിൽ അഭൂതപൂർവ്വമായ ഉൽസാഹത്തോടും സമർപ്പണ മനോഭാവത്തോടും കൂടി പങ്കെടുക്കുന്നു എന്നു പറയാൻ എനിക്കു സന്തോഷമുണ്ട്. സംസ്ഥാനത്തിന്റെ മറ്റു ഭാഗങ്ങളിലും ബന്ധപ്പെട്ട കക്ഷികളുടെ പരസ്പരധാരണയുടെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശം കുടികിടപ്പുകാരനു കൈമാറുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ഈ നിയമം നടപ്പിലാക്കുന്നതോടൊപ്പംതന്നെ, ഈ ആക്ടിലെ ആനുകൂല്യങ്ങളും യാതൊരു കുടികിടപ്പുകാരനും നിഷേധിക്കപ്പെടാതിരിക്കത്തക്കവണ്ണം ഉടമസ്ഥാവകാശത്തെ സംബന്ധിച്ച രേഖകളും തയ്യാറാക്കുന്നതിനും നടപടികളും സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

ഇങ്ങനെയൊക്കെയാണെങ്കിലും ഗവൺമെൻറുതലത്തിലുള്ള മെഷീനറി കൊണ്ടുമാത്രം പ്രശ്നം പരിഹരിക്കാമെന്നുള്ള മിഥ്യാബോധം ഗവൺമെൻറിനില്ലെന്നുള്ള കാര്യം കൂടി ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ: ഈ രാജ്യത്തെ പൊതുജനങ്ങളുടേയും, എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും, അങ്ങോളമിങ്ങോളമുള്ള സാമൂഹ്യസംഘടനകളുടേയും അകമഴിഞ്ഞ സഹായസഹകരണങ്ങളും ഇക്കാര്യത്തിൽ വളരെ ആവശ്യമാണ്. ഗവൺമെൻറ് സമാരംഭിച്ചിട്ടുള്ള ഈ ഭൂപരിഷ്ക്കരണ പ്രസ്ഥാനത്തിനു പിന്നിൽ അണിനിരക്കുവാനും അങ്ങനെ ഇതിനെ ഒരു യഥാർത്ഥ കാർഷിക വിപ്ലവമാക്കിത്തീർക്കാനും ഞാൻ എല്ലാവരോടും സവിനയം അഭ്യർത്ഥിക്കുന്നു.

## സർക്കാർ ഭൂമി പതിച്ചുകൊടുക്കൽ

ഭൂരഹിതരായ നിർദ്ധനർക്ക് സർക്കാർഭൂമി പതിച്ചുകൊടുക്കുന്ന പദ്ധതി വളരെ ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. ഒക്ടോബർ വരെയുള്ള കാലയളവിൽ ഏകദേശം 7,600 ഹെക്ടർ സർക്കാർഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്. ഏതാണ്ട് 50,000 ഹെക്ടർ ഇനിയും വിതരണം ചെയ്യാനുണ്ട്. ഈ പദ്ധതിക്ക് ഉത്തേജനം നൽകിക്കൊണ്ട് അടുത്ത കാലത്തു നമ്മുടെ സംസ്ഥാനത്ത്. ഒരു ബഹുജനമുന്നേറ്റം ഉടലെടുത്തിട്ടുണ്ടെന്നു പ്രത്യേകം പ്രസ്താവ്യമാണ്. റവന്യൂഡിപ്പാർട്ടുമെൻറിന്റെ അധീനതയിലുള്ള ഭൂമിക്ക് പുറമേ 16,000 ഹെക്ടർ കൃഷിക്കുപയുക്തമായ വനപ്രദേശം തെളിയിച്ചു വിതരണത്തിനായി കൊടുക്കുന്നതാണ്. ഇതിന്റെ സിംഹഭാഗവും 1970–71-ൽ തന്നെ പതിച്ചുകൊടുക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ. കോഴിക്കോട്ടെ കുത്താളി എസ്റ്റേറ്റിൽ 1,250 ഹെക്ടറോളം ഭൂമി പതിച്ചുകൊടുക്കുന്നതിനായി നീക്കിവച്ചിട്ടുണ്ട്. അനധികൃതമായ കയ്യേറ്റത്തിലൂടേയോ, കാലഹരണപ്പെട്ട പാട്ടങ്ങളുടെ അടിസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly